കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 07 | 2019 |
| --- | --- |



ശബരിമല പത്രക്കുറിപ്പ്

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

## ദേശീയപണിമുടക്ക്: കെഎസ്ആർടിസി ശബരിമല സർവീസ് മുടങ്ങില്ല

ദേശീയപണിമുടക്ക് നടക്കുന്ന ഇന്നും നാളെയും(ജനുവരി 8,9) കെ.എസ്.ആർ.ടി.സിയുടെ ശബരിമല സർവീസുകൾ മുടക്കമില്ലാതെ നടക്കുമെന്ന് അധികൃതർ അറിയിച്ചു. തീർത്ഥാടകരുടെ എണ്ണമനുസരിച്ചാണ് ബസ്സുകളുടെ ക്രമീകരണം നടത്തുക. സർവ്വീസുകളുടെ സുഗമമായ നടത്തിപ്പിന് പോലീസ് സഹായവും ലഭിക്കും. നിലവിൽ പമ്പയിൽനിന്ന് തീർഥാടകർക്കായി ദിവസവും 350 ഓളം സർവീസുകളാണ് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലേക്കായി കെഎസ്ആർടിസി നടത്തുന്നത്. ചെങ്ങന്നൂർ, കുമളി, കോട്ടയം, എറണാകുളം ബസ് സ്റ്റേഷനുകളിലേക്കാണ് കൂടുതൽ സർവീസുകൾ. പമ്പ, നിലയ്ക്കൽ റൂട്ടിൽ മാത്രം 1300 വരെ സർവീസുകൾ എല്ലാ ദിവസവും കെഎസ്ആർടിസി നടത്തുന്നു . സർവീസുകൾ നടത്തുന്നതിന് ആവശ്യമായ ജീവനക്കാരെ പൂൾ ചെയ്തിരിക്കുന്നതിനാൽ പണിമുടക്ക് സർവീസിനെ ബാധിക്കില്ല. മകരവിളക്കിനോടനുബന്ധിച്ച് ദിവസങ്ങളായതിനാൽ കൂടുതൽ തീർത്ഥാടകർ ദർശനത്തിനായി എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്. പമ്പയിൽനിന്നും 27 സൂപ്പർഫാസ്റ്റ്, 17 സൂപ്പർ ഡീലക്സ്, 2 എക്സ്പ്രസ് ഉൾപ്പടെയുള്ള ബസുകളാണ് സർവീസ് നടത്തുന്നത്. പമ്പയിൽനി

ന്നുള്ള അന്തർസംസ്ഥാന സർവീസുകളെയും പണിമുടക്ക് ബാധിക്കില്ലെന്നാണ് പ്രതീക്ഷക്കുന്നത്. പളനി, തെങ്കാശി, കോയമ്പത്തൂർ, തേനി, മധുര അന്തർസംസ്ഥാന സർവീസുകളാണ് പമ്പയിൽനിന്നും കെഎസ്ആർടിസി നടത്തുന്നത്.

(പി.ആർ. ശബരി-414)

## പുകയില ഉല്‍പന്നങ്ങള്‍ പിടിച്ചു

ശബരിമല സന്നിധാനം, പമ്പ, നിലക്കല്‍ എന്നിവിടങ്ങളില്‍ എക്സൈസ് സ്ക്വാഡ് നടത്തിയ പരിശോധനകളില്‍ 4 കിലോഗ്രാം പുകയില ഉല്‍പന്നങ്ങള്‍ പിടിച്ചെടുത്തു. എക്സൈസ് ഇന്റലിജന്‍സ് വിഭാഗത്തിന്റെ സഹകരണത്തോടെ 14 റെയ്ഡുകളാണ് ഞായറാഴ്ച്ച സന്നിധാനം, പമ്പ, നിലക്കല്‍ എന്നിവിടങ്ങളില്‍ നടന്നത്. പുകവലി നിരോധന നിയമ പ്രകാരം 48 കേസുകള്‍ രജിസ്റ്റര്‍ ചെയ്തു. പിഴയായി 9,600 രൂപയും ചുമത്തി. ഭക്തജനങ്ങള്‍ ലഹരി വസ്തുക്കളുമായി ബന്ധപ്പെട്ട വിവരങ്ങള്‍ 04735 203432, 205010,202203 എന്ന നമ്പറുകളില്‍ അറിയിക്കണമെന്ന് എക്സൈസ് അധികൃതര്‍ അറിയിച്ചു.

(പി.ആർ. ശബരി-415)

## ശബരിമലയിൽ ഇന്ന് (08.01.19)

പുലർച്ചെ മൂന്നിന് നട തുറക്കൽ
3.05ന് നിർമാല്യം
3.15 മുതൽ ഉച്ച 12 വരെ നെയ്യഭിഷേകം
3.30ന് ഗണപതി ഹോമം
7.30ന് ഉഷപൂജ
എട്ടിന് അഷ്ടാഭിഷേകം
12.40ന് ഉച്ചപൂജ
ഒരുമണിക്ക് നട അടയ്ക്കും
വൈകീട്ട് മൂന്നിന് നടതുറക്കൽ
6.30ന് ദീപാരാധന
ഏഴിന് പുഷ്പാഭിഷേകം
രാത്രി 9.30ന് അത്താഴപൂജ
10.50ന് ഹരിവരാസനം പാടി 11ന് നട അടയ്ക്കും

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

ജനുവരി

JANUARY 07 2019





## ശബരിമല പത്രക്കുറിപ്പ്-2

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com


### മകരവിളക്ക് - തിരുവാഭരണ ഘോഷയാത്ര: അപകടങ്ങൾ ഒഴിവാക്കുന്നതിന് ക്രമീകരണങ്ങളായി; പമ്പ ഹിൽസ് ടോപ്പിൽ മണ്ണിടിച്ചിലിന് സാധ്യത

ശബരിമല മകരവിളക്കിനോടും തിരുവാഭരണ ഘോഷയാത്രയോടും അനുബന്ധിച്ച് അപകടങ്ങൾ ഒഴിവാക്കുന്നതിന് ഉൾപ്പെടെയുള്ള ക്രമീകരണങ്ങൾക്ക് രൂപം നൽകിയതായി ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു. ഇതുമായി ബന്ധപ്പെട്ട് കളക്ടറേറ്റിൽ ചേർന്ന യോഗങ്ങൾക്കു ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. മകരവിളക്കിനോട് അനുബന്ധിച്ച് ഏർപ്പെടുത്തേ ദുരന്തനിവാരണ മുൻകരുതൽ സംവിധാനങ്ങൾക്ക് ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗം രൂപം നൽകി. ഇതിനു പുറമേ, തിരുവാഭരണ ഘോഷയാത്ര കടന്നു പോകുന്ന സ്ഥലങ്ങളിൽ ഏർപ്പെടുത്തേ ക്രമീകരണങ്ങളും ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന പ്രത്യേക യോഗം നിശ്ചയിച്ചു. പമ്പ ഹിൽസ് ടോപ്പിൽ മണ്ണിടിച്ചിൽ മൂലം അപകടമു ാകാൻ സാധ്യതയു ന്ന് ജില്ലാ ദുരന്തനിവാരണ അതോറിറ്റി യോഗത്തിൽ വിവിധ വകുപ്പുകൾ അറിയിച്ചു. ഇതേ തുടർന്ന് ഇക്കാര്യം സംയുക്ത പരിശോധന നടത്തുന്നതിന് വിവിധ വകുപ്പ്

ഉദ്യോഗസ്ഥർ അടങ്ങുന്ന പ്രത്യേക ടീമിനെ ജില്ലാ കളക്ടർ നിയോഗിച്ചു. മകരവിളക്ക് ദർശിക്കുന്നതിന് തീർഥാടകർ വലിയ തോതിൽ എത്തുന്ന സ്ഥലങ്ങളിൽ ഒന്നാണ് ഹിൽടോപ്പ്.

മകരവിളക്കിനോട് അനുബന്ധിച്ച് തീർഥാടകർ തടിച്ചു കൂടുന്ന എല്ലാ സ്ഥലങ്ങളിലും, മകരവിളക്ക് വ്യു പോയിന്റുകളായ അയ്യൻമല, നെല്ലിമല, പഞ്ഞിപ്പാറ, അട്ടത്തോട് കോളനി, അട്ടത്തോട് പടിഞ്ഞാറ്, അട്ടത്തോട് പടിഞ്ഞാറേക്കര, ഇലവുങ്കൽ എന്നിവിടങ്ങളിലും അപകടങ്ങൾ ഒഴിവാക്കുന്നതിന് ശക്തമായ സുരക്ഷയൊരുക്കുകയും തീർഥാടകർക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുമെന്നും ജില്ലാ കളക്ടർ പറഞ്ഞു. മകരവിളക്ക് വ്യൂ പോയിന്റുകളിലെ സുരക്ഷാസ്ഥിതി ജില്ലാ ദുരന്തനിവാരണ വിഭാഗം പരിശോധിച്ച് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകിയതു കണക്കിലെടുത്താണ് ശക്തമായ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തിയത്. ഇതുപ്രകാരം മകരവിളക്ക് വ്യൂ പോയിന്റുകളായ സ്ഥലങ്ങളിൽ വെളിച്ചം നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും. ആസ്കാ ലൈറ്റ്, വൈദ്യുത വിളക്കുകൾ എന്നിവ ഇവിടെ ക്രമീകരിക്കും. അപകട സാധ്യതയുള്ള സ്ഥലങ്ങളിൽ ബാരിക്കേഡുകൾ സ്ഥാപിക്കും. കുടിവെള്ളം വിതരണം ചെയ്യുന്നതിനും സംവിധാനം ഏർപ്പെടുത്തി. സ്ട്രെച്ചർ സേവനം ലഭ്യമാക്കുന്നതിന്റെ ഭാഗമായി അയ്യപ്പസേവാ സംഘം, ശബരിമല സാനിറ്റേഷൻ സൊസൈറ്റി പ്രവർത്തകരെ പരിശീലനം നൽകി വ്യുപോയിന്റുകളിൽ നിയോഗിക്കും. ഇതാദ്യമായാണ് വ്യു പോയിന്റുകളിൽ സ്ട്രെച്ചർ സർവീസ് ഏർപ്പെടുത്തുന്നത്. പ്രഥമ ശുശ്രൂഷ, ആംബുലൻസ് സേവനങ്ങൾ ആരോഗ്യ വകുപ്പ് ഏർപ്പെടുത്തും. എല്ലാ മകരവിളക്ക് വ്യു പോയിന്റുകളിലും നിർദേശങ്ങൾ നൽകുന്നതിന് ഉച്ചഭാഷിണികൾ ഏർപ്പെടുത്തും. എല്ലാ വ്യുപോയിന്റുകളിലും ഡെപ്യൂട്ടി തഹസീൽദാർമാരുടെ നേതൃത്വത്തിൽ പോലീസ്, ആരോഗ്യം, ഫയർ, ദുരന്തനിവാരണ വിഭാഗം ഉദ്യോഗസ്ഥരെ നിയോഗിക്കും.

വലിയ തിരക്ക് അനുഭവപ്പെടുന്നതു കണക്കിലെടുത്ത് അപകടമു ാകാതിരിക്കുന്നതിന് ആവശ്യമായ മുൻകരുതൽ സ്വീകരിക്കണമെന്ന് ജില്ലാ കളക്ടർ പി.ബി. നൂഹ് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകി. മകരവിളക്കിനോട് അനുബന്ധിച്ച് വ്യൂ പോയിന്റുകളിൽ ഉൾപ്പെടെ നിയോഗിക്കപ്പെടുന്ന ഉദ്യോഗസ്ഥർ പ്രൊഫഷണലായി ഉത്തരവാദിത്വത്തോടെ പ്രവർത്തിക്കണം. സന്നിധാനം, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിലെ അടിയന്തര സഹായ കേന്ദ്രങ്ങളുമായി യോജിച്ച് ഉദ്യോഗസ്ഥർ പ്രവർത്തിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ചാലക്കയത്ത് റോഡ് സൈഡിലെ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് ദേവസ്വം ബോർഡിന് ജില്ലാ കളക്ടർ നിർദേശം നൽകി. മകരവിളക്ക് ഉത്സവവുമായും തിരുവാഭരണ ഘോഷയാത്രയുമായും ബന്ധപ്പെട്ട് പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം ഒഴിവാക്കാൻ തീർഥാടകർ ഉൾപ്പെടെ എല്ലാവരും ശ്രദ്ധിക്കണമെന്ന് ജില്ലാ കളക്ടർ പറഞ്ഞു. മകരവിളക്ക് തീർഥാടന കാലത്തെ മാലിന്യങ്ങൾ പൂർണമായി നീക്കുന്നതിന് ജില്ലാ കളക്ടറുടെ ചുമതലയിലുള്ള ശബരിമല സാനിറ്റേഷൻ സൊസൈറ്റി പ്രവർത്തകരുടെ സേവനം ജനുവരി 22 വരെ ഏർപ്പെടുത്തും. മകരവിളക്കുമായി ബന്ധപ്പെട്ട് നിലയ്ക്കൽ ബേയ്സ് ക്യാമ്പിൽ 800 ചെറു വാഹനങ്ങൾക്കു കൂടി പുതുതായി പാർക്കിംഗ്

സൗകര്യം ഏർപ്പെടുത്തിയതായി ദേവസ്വം ബോർഡ് അറിയിച്ചു.

മകരവിളക്ക് ദർശനത്തിനായി തീർഥാടകർ മരങ്ങളിൽ കയറി അപകടം സംഭവിക്കാതിരിക്കുന്നതിന് ആവശ്യമായ മുൻകരുതൽ സ്വീകരിക്കും. അതേപോലെ മകരവിളക്ക് ദർശനത്തിനു ശേഷം മടങ്ങുന്നവർ ബസുകളുടെ മുകളിൽ കയറി യാത്ര ചെയ്യുന്നത് അപകടത്തിന് ഇടവരുത്തുമെന്നതിനാൽ ഇക്കാര്യത്തിലും പ്രത്യേക ശ്രദ്ധ പുലർത്തും. നിലയ്ക്കൽ ബേയ്സ് ക്യാമ്പിൽ ഉൾപ്പെടെ വാഹനങ്ങൾക്കു സമീപം ഗ്യാസ് സിലി റുകൾ ഉപയോഗിച്ചു പാചകം ചെയ്യുന്നത് അപകടത്തിനിട വരുത്തുമെന്നതിനാൽ നിരീക്ഷണം ശക്തമാക്കുകയും ബോധവത്കരണം നടത്തുകയും ചെയ്യും.

നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ അപകടങ്ങൾ ഉ ാകുന്നതു ഒഴിവാക്കുന്നതിന് ഡ്യൂട്ടി മജിസ്ട്രേട്ടുമാരുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെ ഉദ്യോഗസ്ഥർ അടങ്ങിയ ടീം എല്ലാ ദിവസവും പരിശോധന നടത്തുകയും മുൻകരുതൽ നടപടികൾ സ്വീകരിക്കുകയും ചെയ്യും. മകരവിളക്ക് വ്യൂപോയിന്റുകളിൽ ഉൾപ്പെടെ വാർത്താവിനിമയ സംവിധാനം ശക്തമല്ലാത്ത സ്ഥലങ്ങളിൽ ഹാം റേഡിയോ സംവിധാനം ഏർപ്പെടുത്തി വിവര വിനിമയം ശക്തമാക്കും.

മകരവിളക്കുമായി ബന്ധപ്പെട്ട് സുഗമമായ ഗതാഗതം ഉറപ്പാക്കുന്നതിന് പ്രത്യേക പദ്ധതി തയാറാക്കിയിട്ടു ്. അയ്യപ്പന്മാരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനായി സർക്കാർ സ്കൂളുകളുടേയും, കോളജുകളുടേയും പാർക്കിംഗ് ഗ്രൗ ുകൾ അധികമായി ഉപയോഗിക്കാൻ തീരുമാനിച്ചിട്ടു ്. പ്രൈവറ്റ് വാഹനങ്ങൾ പാർക്ക് ചെയ്യുകയും ഇവിടെ നിന്ന് കെ.എസ്.ആർ.ടി.സി യുടെ ബസിൽ യാത്ര തുടരുവാനുള്ള സൗകര്യവും ഒരുക്കും. നിലയ്ക്കൽ എത്തുന്ന വാഹനങ്ങൾക്ക് അനുസരിച്ച് എരുമേലിയിലും പത്തനംതിട്ടയിലും വാഹനനിയന്ത്രണം ഏർപ്പെടുത്തും. ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിൽ മൂന്ന് ഡെപ്യൂട്ടി കളക്ടർമാരുടെ നേതൃത്വത്തിൽ എമർജൻസി ഓപ്പറേഷൻ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു. മകരവിളക്ക് തീർഥാടന കാലത്ത് സാധാരണയുള്ള ഫീൽഡ് ഓഫീസർമാരെ കൂടാതെ മുതിർന്ന ഓഫീസർമാരെ എല്ലാ വകുപ്പുകളും സേവനത്തിനായി നിയോഗിക്കും. ഇവരുടെ നേതൃത്വത്തിൽ എല്ലാ ദിവസവും ഫീൽഡ് ഇൻസ്പെക്ഷൻ നടത്തി പുതുതായി ഏർപ്പെടുത്തേ മുൻകരുതലുകൾ സ്വീകരിക്കും. കൂടുതൽ ഉപകരണങ്ങൾ എമർജൻസി ഓപ്പറേഷൻ സെന്ററുകളിൽ എത്തിക്കാനും ജില്ലാ കളക്ടർ നിർദേശം നൽകി.

തിരുവാഭരണഘോഷയാത്രയുമായി ബന്ധപ്പെട്ട ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു. പന്തളത്ത് നിന്ന് ആരംഭിക്കുന്ന തിരുവാഭരണഘോഷയാത്രയ്ക്ക് ശക്തമായ സുരക്ഷയൊരുക്കും. തിരുവാഭരണ ഘോഷയാത്ര കടന്ന് പോകുന്ന പഞ്ചായത്തുകളിലെ ക്രമീകരണങ്ങളും അവസാനഘട്ടത്തിലാണ്. വനം വകുപ്പിന്റെയും ഫയർഫോഴ്സിന്റെയും ക്രമീകരണങ്ങൾ പൂർത്തിയായി. തിരുവാഭരണ ഘോഷയാത്രയെ പോലീസ്, ഫയർ, റവന്യു ഉദ്യോഗസ്ഥർ അടങ്ങിയ ടീം അനുഗമിക്കും. തിരുവാഭരണ ഘോഷയാത്ര കടന്നു പോകുന്ന സ്ഥലങ്ങളിൽ

ആവശ്യമായ വെളിച്ചം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചു.

ശബരിമല എ.ഡി.എം വി.ആർ. പ്രേംകുമാർ, തിരുവല്ല സബ്കളക്ടർ വിനയ് ഗോയൽ, ദുരന്തനിവാരണവിഭാഗം ഡെപ്യൂട്ടി കളക്ടർ എസ്.ശിവപ്രസാദ്, അടൂർ ആർ.ഡി.ഒ എം.എ റഹീം, ഡി.എം.ഒ(ആരോഗ്യം) ഡോ.എ.എൽ ഷീജ, റാന്നി ഡി.എഫ്.ഒ എം.ഉണ്ണികൃഷ്ണൻ, ജില്ലാ ട്രാൻസ്പോർട്ട് ഓഫീസർ റോയ് ജേക്കബ്, വിവിധ വകുപ്പുദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

(പി.ആർ. ശബരി-416)

## സംഭരണികൾ പൂർണ്ണം: ജലവിതരണം സുഗമമാകും

മകരവിളക്ക് മഹോത്സവത്തോട് അനുബന്ധിച്ച് ശബരിമലയിൽ തടസ്സമില്ലാത്ത ശുദ്ധജലലഭ്യത ഉറപ്പുവരുത്താൻ നടപടികളായി. വിവിധ ജല സംഭരണികളിലായി ഒരുകോടി അൻപത് ലക്ഷം ലിറ്റർ ജലം സംഭരിച്ചിട്ടു ്. പ്രതിദിന ആവശ്യങ്ങൾക്ക് നിലവിൽ ശരംകുത്തിയിൽ നിന്ന് വാട്ടർ അതോറിറ്റി പമ്പ് ചെയ്യുന്ന 40ലക്ഷം ലിറ്റർ ജലമാണ് പ്രധാനമായും പ്രയോജനപ്പെടുത്തുന്നത്. പ്രധാന ജലസ്രോതസ്സായ കുന്നാറിൽ ജലത്തിന്റെ അളവിൽ കാര്യമായ കുറവ് വന്നിട്ടില്ല. മറ്റ് ഉറവിടങ്ങളായ ചെക്ക് ഡാമിലും കുമ്പളംതോടിലും ജലനിരപ്പിൽ കുറവു ങ്കിലും ഇത് തീർത്ഥാടനത്തെ ബാധിക്കില്ല. പ്രതിദിന ആവശ്യങ്ങൾക്ക് നിലവിൽ ശരംകുത്തിയിൽ നിന്ന് വാട്ടർ അതോറിറ്റി പമ്പ് ചെയ്യുന്ന 40ലക്ഷം ലിറ്റർ ജലമാണ് പ്രധാനമായും പ്രയോജനപ്പെടുത്തുന്നത്.തീർഥാടകരുടെ തിരക്ക് വർധിക്കുന്ന ദിവസങ്ങളിൽ 70ലക്ഷം മുതൽ ഒരുകോടിവരെ ലിറ്റർ ജലമാണ് പ്രതിദിന ഉപഭോഗം. മകരവിളക്ക് ഉത്സവദിവസങ്ങളായ 12 മുതൽ 14വരെ ഉപഭോഗം കൂടും. തീർഥാടകർ വിരിവെയ്ക്കുന്ന വിവിധയിടങ്ങളിൽ കുടിവെള്ള വിതരണത്തിന് അൻപതോളം ടാപ്പുകൾ കൂടുതലായി സ്ഥാപിച്ചിട്ടു ്. തീർത്ഥാടകർക്ക് ആവശ്യമായ കുടിവെള്ളം നൽകുന്നതിന് അയ്യപ്പ സേവാ സംഘം ഉൾപ്പെടെയുള്ള സന്നദ്ധസംഘടനകളുടെ സേവനം മുഴുവൻ സമയവും ഉറപ്പുവരുത്തിയിട്ടു ്.പാ ി ത്താവളത്ത് ചുക്കുവെള്ള വിതരണത്തിന് നാല് കൗ റുകൾ അധികമായി ഏർപ്പെടുത്തിയിട്ടു ന്നും മരാമത്ത് വിഭാഗം അറിയിച്ചു.

(പി.ആർ. ശബരി-417)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി JANUARY 07 | 2019 |
|---|---|

## ശബരിമല പത്രക്കുറിപ്പ്-3

ഫോൺ : 04735-202664

www.prd.kerala.gov.in, prdsannidhanam2019@gmail.com

---

### മകരവിളക്ക്: ചാർജ് ഓഫീസർമാരെ നിയമിച്ചു

മകരവിളക്ക് മഹോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനും ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ശബരിമലയിലെ വിവിധകേന്ദ്രങ്ങളിൽ ചാർജ് ഓഫീസർമാരെ നിയമിച്ച് പത്തനംതിട്ട ജില്ലാ കലക്ടർ ഉത്തരവായി. ദുരന്തനിവാരണ നിയമപ്രകാരം ജനുവരി 13ന് രാവിലെ 9 മുതൽ 15ന് വൈകീട്ട് 6 വരെയാണ് നിയമനം. ബന്ധപ്പെട്ട ചാർജ് ഓഫീസർമാർ അതത് സ്ഥലങ്ങളിലെ പ്രവർത്തന റിപ്പോർട്ട് പത്തനംതിട്ട ദുരന്തനിവരാണ വിഭാഗം ഡെപ്യൂട്ടി കലക്ടർക്ക് നൽകണം. അടൂർ ആർ.ഡി.ഒ. എം.എ. റഹീമിന് നിലയ്ക്കലും എ.ഡി.എം. പി.ടി. എബ്രഹാമിന് പമ്പയിലും സബ് കലക്ടർ വിനയ് ഗോയലിന് സന്നിധാനത്തും അടിയന്തരഘട്ട കാര്യനിർവ്വഹണകേന്ദ്രങ്ങളിലാണ് നിയമനം. ആകെ 45 ഉദ്യോഗസ്ഥരെ വിവിധകേന്ദ്രങ്ങളിൽ നിയമിച്ചിട്ടു ്. ഇവർക്ക് 10ന് രാവിലെ 10മണിക്ക് പത്തനംതിട്ട ജില്ലാ കലക്ട്രേറ്റിൽ പരിശീലനം നൽകും. പത്തനംതിട്ട, മെലപ്ര, വടശ്ശേരിക്കര, റാന്നി, പെരുനാട്, കോന്നി, തണ്ണിത്തോട്, സീതത്തോട് എന്നീ വില്ലേജ് ഓഫീസുകൾ 13 മുതൽ 15വരെ 24 മണിക്കൂറും പ്രവർത്തിക്കും. ചുമതലയുള്ള തഹസിൽദാർമാർ താലൂക്ക്തല പ്രവർത്തനങ്ങൾ യഥാസമയം വിലയിരുത്തി ദുരന്തനിവാരാണവിഭാഗം ഡെപ്യൂട്ടി കലക്ടർക്ക് റിപ്പോർട്ട് നൽകണം.

(പി.ആർ. ശബരി-418)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.